# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:04872371931)

## പാലക്കാട്

**E mail: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 18/17, ചൊവ്വാഴ്ച** **തീയ്യതി 02.05.2017**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 03.05.2017 | 04.05.2017 | 05.05.2017 | 06.05.2017 | 07.05.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 1 | 2 | 0 | 0 |
| ഉയർന്ന താപനില (°C) | 38 | 38 | 38 | 38 | 38 |
| കുറഞ്ഞ താപനില (°C) | 27 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | മൂപ്പെത്തുന്ന പരുവം | നെന്മണികളുടെ ഗുണനിലവാരത്തിനും ഒരുമിച്ച് വിളവെടുക്കുന്നതിനും വെള്ളം പൂർണമായും വാർത്തു കളയേണ്ടതാണ്. വിത്തിനായി ഉപയോഗിക്കുന്ന നെന്മണികൾ നന്നായി ഉണക്കി സൂക്ഷിക്കുക. |
| തെങ്ങ് | ചെമ്പൻചെല്ലി, കൊമ്പൻ ചെല്ലി | ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നിവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്. കൊമ്പൻ ചെല്ലികളുടെ പുഴുക്കളെയും പ്യൂപ്പയെയും നശിപ്പിക്കുന്നതിനായി ചാണകക്കുഴികളിൽ മിത്രകുമിളായ മെറ്റാറൈസിയം 10-15 ഗ്രാം ഒരു ലിറ്റർ വെള്ളം എന്ന തോതിൽ കലക്കി ഒഴിക്കണം. കൂടാതെ വേപ്പിൻ പിണ്ണാക്കും മണലും സമാസമം ചേർത്ത് കൂമ്പിനു ചുറ്റുമുള്ള ഓലക്കവിളുകളിൽ ഇടുക. |
| വാഴ | ഇലത്തീനിപ്പുഴു | അന്തരീക്ഷ താപനില കൂടി വരുന്നതിനാൽ വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫെയിം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (മുളക്) | മണ്ഡരി | വരണ്ട കാലാവസ്ഥ തുടരുന്നതിനാൽ മുളകിൽ മണ്ഡരിയുടെ ആക്രമണം കാണാനിടയുണ്ട്. ഒബറോൺ 0.75 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |